**കേരള സർക്കാർ**

**സംഗ്രഹം**

ട്രഷറി വകുപ്പ്- ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം - മരണപ്പെട്ട ശ്രീ.സി.കെ.സജീവിന്റെ മകൻ ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-സി) വകുപ്പ്**

**സ.ഉ.(കൈ) നം.157/2018/ധന** **തിരുവനന്തപുരം, തീയതി, 26/04/2018**

---

പരാമർശം:- 1. 24/05/1999 ലെ സ.ഉ.(പി) നമ്പർ 12/99/ഉ.ഭ.പ.വ.

2. 25/07/2015 ലെ സ.ഉ.(പി) നമ്പർ 23/2015/ഉ.ഭ.പ.വ.

3. 18.5.2004-ലെ 6678/ഉപ.സി.02/04/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

4. ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ്-ന്റെ 20/12/2016 തീയതിയിലെ അപേക്ഷ.

5. ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ്-ന്റെ 03/02/2017 തീയതിയിലെ അപേക്ഷ.

6. ഇടുക്കി ജില്ലാ കളക്ടറുടെ 29/11/2017 ലെ എ 8-27322/17 നമ്പർ കത്ത്.

7. ട്രഷറി ഡയറക്ടറുടെ 24/03/2017, 16/12/2017 തീയതികളിലെ ബി-7/2902/2017 നമ്പർ കത്തുകൾ.

**ഉത്തരവ്**

മൂവാറ്റുപുഴ സബ് ട്രഷറി ഓഫീസറായിരിക്കെ 27/04/2012-ൽ മരണപ്പെട്ട ശ്രീ.സി.കെ.സജീവിന്റെ മകൻ ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ് ഇടുക്കി ജില്ലയിൽ മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി നൽകിയ അപേക്ഷയും അനുബന്ധ രേഖകളും ഇടുക്കി ജില്ലാ കളക്ടർ പരാമർശം 6 പ്രകാരം ടിയാളെ ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനായി ശിപാർശ ചെയ്തതിൻപ്രകാരം, ട്രഷറി ഡയറക്ടർ ടി അപേക്ഷ പരാമർശം 7 മുഖേന സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ്-ന്റെ ജനന തീയതി 10/01/1993 ആണ്. ആയതിനാൽ, പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 19-ലെ വ്യവസ്ഥ പ്രകാരം, 27/04/2012-ൽ ജീവനക്കാരൻ മരണമടയുമ്പോൾ അപേക്ഷകൻ മേജറായിരുന്നതിനാൽ, ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത് 27/04/2014-നകമായിരുന്നു. എന്നാൽ, 20/12/2016-ൽ അപേക്ഷ സമർപ്പിച്ചിരിക്കുന്ന ടിയാൻ അപേക്ഷ സമർപ്പിക്കുന്നതിൽ 2 വർഷവും 7 മാസവും 23 ദിവസത്തേയും കാലതാമസം വരുത്തിയിട്ടുണ്ട്. മംഗലാപുരത്ത് BAMS കോഴ്സ് പഠിച്ചുകൊണ്ടിരുന്നതിനാലും പഠനകാലയളവായ 5½ വർഷം പൂർത്തിയാക്കേണ്ടതുള്ളതിനാലുമാണ് യഥാസമയം അപേക്ഷ നൽകാൻ കഴിയാതെ പോയതെന്നും ആയതിനാൽ തന്റെ അപേക്ഷയിന്മേൽ അനുകൂല ഉത്തരവുണ്ടാകണമെന്നും ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ് പരാമർശം 5 പ്രകാരം അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മൂവാറ്റുപുഴ സബ് ട്രഷറി ഓഫീസറായി സേവനത്തിലിരിക്കെ 27/04/2012-ൽ മരണപ്പെട്ട

ശ്രീ.സി.കെ.സജീവിന്റെ മകൻ ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന 2 വർഷവും 7 മാസവും 23 ദിവസത്തേയും കാലതാമസം മാപ്പാക്കി പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 19-ലെ വ്യവസ്ഥയിൽ ഇളവ് നൽകി, ടിയാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വിവിധ വകുപ്പുകളിൽ (ഭാരതീയ ചികിത്സാ വകുപ്പ്, ആയുഷ്, ട്രഷറി എന്നീ മുൻഗണനാ ക്രമത്തിൽ) എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**മനോജ് ജോഷി,**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം).**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (11/04/2018-ലെ ഇനം നം.2078 മന്ത്രിസഭാ യോഗ തീരുമാന പ്രകാരം).
പൊതുഭരണ (സി.ഇ) സെൽ (ഭാരതീയ ചികിത്സാ വകുപ്പ്, ആയുഷ്, ട്രഷറി എന്നീ വകുപ്പുകളിൽ മുൻഗണനാ ക്രമത്തിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനത്തിന്).
നോഡൽ ഓഫീസർ, www.finance.kerala.gov.in
ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ്, ചൂരക്കുഴിയിൽ, കാഞ്ഞാർ പി.ഒ., തൊടുപുഴ, ഇടുക്കി-685590.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:-
ധനകാര്യ (വ്യയം) സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.

ഉത്തരവിൻ പ്രകാരം,
അക്കൗണ്ട്സ് ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 11-04-2018

ഫയൽ നം.എസ്റ്റാ.-സി1/44/2017/ധന. ഇനം നം: 2078

വിഷയം : ധനകാര്യ വകുപ്പ് - ശ്രീ. അരവിന്ദ് കൃഷ്ണ സി.എസ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കി ടിയാൾക്ക് സാമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Paul Antony

പോൾ ആന്റണി
ചീഫ് സെക്രട്ടറി

11/4/18

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

SFF

11/4/18

~~AS (Estt)~~ JS (Estt-C)

JS 12.4.18

<u>കേരള സർക്കാർ</u>

<u>(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)</u>
<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എസ്റ്റാ-സി 1/44/2017/ധന (E491107) |
| 2. | വകുപ്പ് | ധനകാര്യ (എസ്റ്റാ- സി) വകുപ്പ് |
| 3. | വിഷയം | ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കി ടിയാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07/03/2018 |
| | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | അതെ |
| 5. | (ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഇത് ധനകാര്യ വകുപ്പിൽ തുടങ്ങിയ ഫയലാണ്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ലെതി.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ.മനോജ് ജോഷി |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 21/03/2018 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.പോൾ ആന്റണി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22/03/2018 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ.ടി.എം.തോമസ് ഐസക്ക് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26/03/2018 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10/04/2018 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 11/04/2018 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | സ.ഉ.(കൈ) നം.157/2018/ധന തീയതി 26/04/2018 |

<u>**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**</u>

മന്ത്രിസഭാ യോഗത്തിനുള്ള ഈ കുറിപ്പ് മൂവാറ്റുപുഴ സബ് ട്രഷറി ഓഫീസറായി സേവനത്തിലിരിക്കെ മരണപ്പെട്ട സി.കെ.സജീവിന്റെ മകൻ ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന 2 വർഷവും 7 മാസവും 23 ദിവസത്തേയും കാലതാമസം മാപ്പാക്കി ടിയാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനത്തിന് അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ്.

24/05/1999 ലെ ജി.ഒ (പി) 12/99/ഉ.ഭ.പ.വ സർക്കാർ ഉത്തരവ് അനുസരിച്ച് ഒരു സർക്കാർ ഉദ്യോഗസ്ഥൻ സർവ്വീസിലിരിക്കെ മരണമടഞ്ഞാൽ അയാളുടെ ആശ്രിതൻ ഉദ്യോഗസ്ഥന്റെ മരണശേഷം രണ്ട് വർഷത്തിനുള്ളിലും, ആശ്രിതൻ പ്രായപൂർത്തിയാകാത്ത ആളാണെങ്കിൽ പ്രായപൂർത്തിയായി മൂന്ന് വർഷത്തിനുള്ളിലും നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ്.ന്റെ ജനന തീയതി 10/01/1993 ആണ്. 27/04/2012-ൽ ജീവനക്കാരൻ മരണമടയുമ്പോൾ അപേക്ഷകൻ മേജറായിരുന്നതിനാൽ, 24/5/1999-ലെ ജി.ഒ. (പി) നം 12/99/പി & എആർഡി ഉത്തരവിലെ ഖണ്ഡിക 19-ലെ വ്യവസ്ഥ പ്രകാരം ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത് 27/04/2014-നകമായിരുന്നു. എന്നാൽ, 20/12/2016-ൽ അപേക്ഷ സമർപ്പിച്ചിരിക്കുന്ന ടിയാൻ അപേക്ഷ സമർപ്പിക്കുന്നതിൽ 2 വർഷവും 7 മാസവും 23 ദിവസത്തേയും കാലതാമസം വരുത്തിയിട്ടുണ്ട്. 18/5/2004-ലെ 6678/Adv.C2/04/P&ARD നമ്പർ സർക്കുലർ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ രണ്ട് വർഷത്തിൽ കുറവ് കാലതാമസമുള്ള കേസുകളിൽ നിയമം ഇളവ് ചെയ്യേണ്ടതാണെങ്കിൽ ഇതിന്റെ എല്ലാ വശവും പരിശോധിച്ച് ചീഫ് സെക്രട്ടറി വഴി ബഹു. മുഖ്യമന്ത്രിയുടെ

ഉത്തരവോടു കൂടി മാപ്പാക്കാവുന്നതാണ്. എന്നാൽ 2 വർഷത്തിൽ കൂടുതലുള്ള കേസുകളിൽ മന്ത്രിസഭയുടെ അനുമതി ആവശ്യമാണ്.

മൂവാറ്റുപുഴ സബ് ട്രഷറി ഓഫീസറായി സേവനത്തിലിരിക്കെ 27/04/2012-ൽ മരണപ്പെട്ട ശ്രീ.സി.കെ.സജീവിന്റെ മകൻ ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ് മംഗലാപുരത്ത് BAMS കോഴ്സ് പഠിച്ചുകൊണ്ടിരുന്നതിനാലും പഠനകാലയളവായ 5½ വർഷം പൂർത്തിയാക്കേണ്ടതുള്ളതിനാലുമാണ് യഥാസമയം അപേക്ഷ നല്കാൻ കഴിയാതെ പോയതെന്നും ആയതിനാൽ തന്റെ അപേക്ഷയിന്മേൽ അനുകൂല ഉത്തരവുണ്ടാകണമെന്നും ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ് അപേക്ഷിച്ചിരിക്കുന്നു. ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ്-ന് നിയമനം നൽകുന്നത് വഴി **പ്രതിമാസം 21,600/- രൂപ** (അടിസ്ഥാന ശമ്പളം 19000+ ഡി.എ@14% = 21,600) **അധിക ബാധ്യതയാണുണ്ടാകുന്നത്**.

ഈ സാഹചര്യത്തിൽ, ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന 2 വർഷവും 7 മാസവും 23 ദിവസത്തേയും കാലതാമസം മാപ്പാക്കി 24/5/1999-ലെ ജി.ഒ.(പി) നം.12/99/പി&എആർഡി ഉത്തരവിലെ ഖണ്ഡിക 19-ലെ വ്യവസ്ഥയിൽ ഇളവ് നൽകി ടിയാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനത്തിന് അനുമതി നൽകുന്നതിന് മന്ത്രിസഭാനുമതി ആവശ്യമാണ്. ഇക്കാര്യം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രിയുടെ അംഗീകാരം ഉണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

മൂവാറ്റുപുഴ സബ് ട്രഷറി ഓഫീസറായി സേവനത്തിലിരിക്കെ 27/04/2012-ൽ മരണപ്പെട്ട ശ്രീ.സി.കെ.സജീവിന്റെ മകൻ ശ്രീ.അരവിന്ദ് കൃഷ്ണ സി.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന 2 വർഷവും 7 മാസവും 23 ദിവസത്തേയും കാലതാമസം മാപ്പാക്കി 24/5/1999-ലെ

ജി.ഒ.(പി) നം.12/99/പി&എ.ആർ.ഡി ഉത്തരവിലെ ഖണ്ഡിക 19-ലെ വ്യവസ്ഥയിൽ ഇളവ് നൽകി ടിയാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വിവിധ വകുപ്പുകളിൽ (ഭാരതീയ ചികിത്സാ വകുപ്പ്, ആയുഷ്, ട്രഷറി എന്നീ മുൻഗണനാ ക്രമത്തിൽ) എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനത്തിന് അനുമതി നൽകാമോ?